പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2480 23.01.2014-ൽ മറുപടിക്ക്

## ആദിവാസിമേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.കെ. സദാശിവൻ:<br>ശ്രീ.കെ.വി.വിജയദാസ്:<br>ശ്രീമതി.കെ.കെ.ലതിക:<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | കുമാരി. പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| | ചോദ്യം | | ഉത്തരം |
| (എ) | ആദിവാസിമേഖലയിൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ, ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (ബി) | അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയും അഭിരുചിയും അനുസരിച്ച് തൊഴിൽ കണ്ടെത്തുന്നതിന് ഗോത്രജ്യോതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിലെ 14 ജില്ലകളിലേയും പട്ടികവർഗ്ഗത്തിൽപ്പെട്ട 15-നും 30-നും ഇടയിൽ പ്രായമുള്ളതും എസ്.എസ്.എൽ.സി എങ്കിലും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ 1000 തൊഴിൽ രഹിതർക്ക് ചെന്നൈയിലെ രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ യൂത്ത് ഡവലപ്മെന്റ് എന്ന സ്ഥാപനവും കേരളത്തിലെ നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് മോട്ടിവേഷൻ ക്ലാസ്സുകൾ നൽകി ഉദ്ബുദ്ധരാക്കി അവർക്ക് അഭിരുചിയുള്ള മേഖലകളിലെ മെച്ചപ്പെട്ട തൊഴിലുകളിൽ ഏർപ്പെടുന്നതിന് പരിശീലനം നൽകുന്നതിനായി സംസ്ഥാനത്ത് 20 കേന്ദ്രങ്ങളിൽ വച്ച് വിപുലമായ ശില്പശാല നടത്തുകയും, 3500-പരം പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്ക് ക്ലാസുകളും അവബോധവും നൽകുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (സി) | നിയമനനിരോധനത്തിന്റെയും തസ്തിക വെട്ടിച്ചുരുക്കലിന്റെയും സംവരണതത്വം അട്ടിമറിക്കപ്പെടുന്നതിന്റെയും ഭാഗമായി ഈ മേഖലയിലുള്ളവർക്ക് തൊഴിൽ ലഭ്യമാകുന്നതിൽ കുറവു വരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു സ്വയംഭരണാവകാശം നൽകുന്നതുവഴി ഇത്തരം സ്ഥാപനങ്ങളിൽ സംവരണം അട്ടിമറിക്കപ്പെടുമെന്ന കാര്യം പട്ടികവർഗ്ഗ ക്ഷേമവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | ആദിവാസികൾക്കു കൂടുതൽ തൊഴിലവസരം ലഭ്യമാക്കുന്നതിനു പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഇ) | പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി 2013-14 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഫോട്ടോ കോപ്പി ഷോപ്പ്, പെട്ടിക്കട, തയ്യൽക്കട. ആടുവളർത്തൽ, റബ്ബർ റോളർ യൂണിറ്റ് എന്നീ സ്വയംതൊഴിൽ പദ്ധതികളാണ് ഉദ്ദേശിച്ചിട്ടുള്ളത്. 590 പേർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് 311 ലക്ഷം രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ.